# മലയാള നിരൂപണത്തിലെ ലാവണ്യദർശനങ്ങൾ

ഹേമമാലിനി എം.

നിഷ്പക്ഷ നിരൂപണം എന്നത് ഒരാദർശം മാത്രമാണ്. പഠനത്തിനായുള്ള കൃതിയുടെ തെരഞ്ഞെടുപ്പിൽപ്പോലും ഒരു വ്യക്തിക്കും തന്റെ പക്ഷങ്ങളിൽനിന്നു മാറിനിൽക്കാനാകില്ല. സി. രാധാകൃഷ്ണന്റെ ഒൻപതു നോവലുകളുടെ പഠനഗ്രന്ഥമായ 'അപ്പുവിന്റെ അന്വേഷണ'ത്തിന്റെ മുന്നുരയിൽ ഈ ഗ്രന്ഥരചനയുടെ ഉരുവപ്പെടലിന്റെ, തീർത്തും വ്യക്തിപരമായ കാരണം ഡോ. എം. ലീലാവതി രേഖപ്പെടുത്തിയിട്ടുണ്ട്. എഴുത്തുകാരനോട്, ആ കൃതികളോട്, നിരൂപകയ്ക്കുള്ള വൈകാരിക മമത ഇതിൽ വെളിപ്പെടുന്നു. 'അപ്പുവിന്റെ അന്വേഷണ'ത്തിനു പുറമേ 'കാവ്യാരതി'യിലും 'നവകാന്ത'ത്തിലും ലീലാവതി ടീച്ചർ സി. രാധാകൃഷ്ണന്റെ നോവൽ പഠനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി. ശങ്കരക്കുറുപ്പിന്റെയും വൈലോപ്പിള്ളിയുടെയും നിരവധി കവിതകൾ പഠനവിധേയമാക്കിയിട്ടുള്ള ടീച്ചറുടെ പ്രത്യേക പരിഗണനയും സവിശേഷശ്രദ്ധയും ലഭിച്ച നോവലിസ്റ്റാണ് സി. രാധാകൃഷ്ണൻ. 'ഒരു ശാസ്ത്രജ്ഞനും യുക്തിചിന്താനീതനും മനുഷ്യസമത്വവാദിയുമായി അറിയപ്പെടുന്ന എഴുത്തുകാര'നെന്ന് (2012:318) സി. രാധാകൃഷ്ണനെ നിർവ്വചിക്കുന്നതിൽനിന്നുംതന്നെ എഴുത്തുകാരനും നിരൂപകയും തമ്മിലുള്ള ഹൃദയൈക്യത്തിന്റെ ഇഴകൾ ദൃശ്യമാണ്. കാരണം ലീലാവതി ടീച്ചറുടെ എല്ലാ പഠന നിരൂപണങ്ങളും ഈ മൂന്നു ഘടകങ്ങളോടുള്ള ആഭിമുഖ്യത്തെ സാക്ഷ്യപ്പെടുത്തുന്നവയാണ്. തന്റെ നിരൂപണവഴികളെ അനാവൃതമാക്കുന്ന 'സത്യം ശിവം സുന്ദര'ത്തിൽ ശാസ്ത്രം, പാരമ്പര്യ ഊർജ്ജം, മാർക്സിയൻ ദർശനം എന്നിങ്ങനെ പേരുകൾ മാറ്റി ഉപയോഗിക്കുന്നുണ്ടെങ്കിലും ടീച്ചറുടെ ചിന്തകൾക്കും വിശകലനങ്ങൾക്കും ദിശാബോധം നൽകുന്നത് ശാസ്ത്രയുക്തിയും സാമൂഹ്യബോധവും പാരമ്പര്യ പാഠങ്ങളുമാണെന്ന് നിരൂപണ പാരായണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഈ മൂന്നു ഘടകങ്ങളുടെ തീക്ഷ്ണത എങ്ങനെ സി. രാധാകൃഷ്ണന്റെ നോവലുകളെ ആസ്വാദ്യവും ഉദാത്തവുമാക്കുന്നു എന്നാണ് ഈ പഠനങ്ങളിൽ ചർച്ചചെയ്യുന്നത്. ഇവ

മൂന്നും സമഞ്ജസമായി സംയോജിപ്പിച്ച എഴുത്തുകാരൻ എന്ന മമതയിലാണ് പഠനങ്ങൾ ആരംഭിക്കുന്നതും.

'അപ്പുവി'ന്റെ അന്വേഷണവിഷയങ്ങളും വ്യത്യസ്തമല്ല. ബാല കൗമാര യൗവനങ്ങളിൽ, വിവിധങ്ങളായ കാലദേശങ്ങളിൽ നേരിടുന്ന അനുഭവങ്ങളിലൂടെ അപ്പു ഒട്ടേറെ വൈയക്തിക സാമൂഹിക സമസ്യകൾക്ക് താത്ത്വികവും ആദർശാത്മകവും യുക്തിസഹവുമായ ഉത്തരങ്ങൾ അന്വേഷിക്കുന്നു. എല്ലാ രോഗശാന്തികൾക്കുമുള്ള ഒരു ഒറ്റമൂലിയാണ് ആ അന്വേഷണമെന്നോ എല്ലാ സമസ്യകൾക്കും കൃത്യമായ ഒരു പൂരണമുണ്ടെന്നോ എഴുത്തുകാരൻ അവകാശപ്പെടുന്നില്ല. "അന്വേഷകർ കാണുന്ന സ്വപ്നങ്ങൾ വിരിയുന്ന ചെടികൾ നിൽക്കുന്ന മണ്ണ് ഉണ്മ''യാണെന്നു (2002:431) വിശ്വാസമുള്ള നിരൂപക ആ ഉണ്മയെയാണ് തന്റെ പഠനത്തിലൂടെ വെളിപ്പെടുത്തുന്നതും ബോധ്യപ്പെടുത്തുന്നതും. അന്വേഷണങ്ങളുടെ ഫലപ്രാപ്തിയേക്കാൾ അന്വേഷണം നടത്തുന്ന മനസ്സിന്റെ അനുഭവതീക്ഷ്ണതകളാണ് ഈ നോവലുകളുടെ സാരമായി, കാതലായി ടീച്ചർ പരിചയപ്പെടുത്തുന്നത്.

തന്റെ തട്ടകം ശാസ്ത്രമാകേണ്ടതായിരുന്നു എന്ന് ഏറ്റുപറയുന്ന ലീലാവതി ടീച്ചർ, തന്റെ ശാസ്ത്രാഭിമുഖ്യത്തെ സാഹിത്യകൃതികളുടെ അപഗ്രഥനത്തിന് ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. 1968-ൽ എഴുതിയ 'കവിതയും ശാസ്ത്രവും' എന്ന കൃതിയിൽ ശാസ്ത്രവും സാഹിത്യവും തമ്മിലുള്ളത് വൈരുദ്ധ്യമല്ലെന്നും, ഇനിയും സാഹിത്യത്തിനു ശാസ്ത്രത്തിൽനിന്നകന്നു നിൽക്കാനാകില്ലെന്നും പറയുന്നുണ്ട്. ഈ തലത്തിലാണ് സി. രാധാകൃഷ്ണന്റെ നോവലുകളുടെ പ്രസക്തി അന്വേഷിക്കുന്നത്. യുക്തികൊണ്ട് ഭാവനയിൽ കല്ലെറിയുന്നത് ഒരു സാഹിത്യപാതകമല്ലെന്ന റിയലിസ്റ്റുകളുടെയും ആധുനികരുടെയും അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട്, സഹൃദയപക്ഷത്ത് നിലയുറപ്പിച്ച് അഭ്യസ്തവിദ്യരായ ഇവിടത്തെ അനുവാചകസമൂഹത്തിന് അവരുടെ 'ചിന്തയ്ക്കു ഇന്ധനമാക്കാവുന്നവ' (1993:187) കൊടുക്കണമെന്ന് ആഗ്രഹിക്കുന്ന ടീച്ചർ, അതു നിറവേറ്റുന്ന എഴുത്തുകാരൻ എന്ന നിലയിലാണ് ഈ നോവലുകളിലൂടെ സി. രാധാകൃഷ്ണനെ വിലയിരുത്തുന്നത്.

ശാസ്ത്രം കേന്ദ്രവിഷയമാകുന്ന തന്റെ നോവലുകളിലൂടെ, ശാസ്ത്രം ഒരു തലമുറയുടെ മതമായി കാണുന്ന ഒരു കാലത്തെയാണ് സി. രാധാകൃഷ്ണൻ സ്വപ്നം കാണുന്നത്. ഈ സ്വപ്നത്തിന്റെ ശരീരമാണ് ടീച്ചർക്ക് 'സ്പന്ദമാപിനികളേ നന്ദി' എന്ന





നോവൽ. അധികാരം നന്മകളുടെ അത്ഭുതങ്ങൾ പ്രാവർത്തികമാക്കാൻ കെല്പുള്ള ശാസ്ത്രജ്ഞരെ, അതിലൂടെ ശാസ്ത്രത്തെത്തന്നെ എങ്ങനെ നിഷ്ക്രിയമാക്കുന്നു എന്ന് ഈ നോവലുകൾ സംവദിക്കുന്നു. ഈ നോവലുകളിലെ വിപ്ലവശ്രമങ്ങളെ ശാസ്ത്രമെന്ന മതസ്ഥാപനത്തിനുവേണ്ടി നടത്തുന്ന ശ്രമങ്ങളായാണ് ടീച്ചർ വായിക്കുന്നത്. സാമൂഹ്യപ്രശ്നങ്ങളെ സാഹിത്യകാരന്റെ ഭ്രമാത്മകതയോടെയല്ല, ശാസ്ത്രജ്ഞന്റെ സത്യദർശനത്തോടെയാണ് സമീപിക്കേണ്ടത് എന്നാണ് ടീച്ചറുടെ നിലപാട്. അത്തരത്തിലുള്ള സത്യദർശനവും ഒരു എഴുത്തുകാരന്റെ മൗലികതയായ സ്നേഹദർശനവും സമ്മേളിക്കുന്നതാണ് ഈ കൃതികളുടെ മഹത്ത്വമായി ടീച്ചർ എടുത്തുകാട്ടുന്നത്.

സാമൂഹ്യപ്രശ്നങ്ങൾക്ക് ശാസ്ത്രജ്ഞന്റെ സത്യദർശനം എന്നാൽ പ്രശ്നങ്ങളുടെ, കാരണങ്ങളുടെ യുക്തിഭദ്രമായ അന്വേഷണം എന്നാണർത്ഥം. ഈ പഠനങ്ങളിലെല്ലാം കഥാഗതിയെ, കഥാപാത്രസഞ്ചാരങ്ങളെ ഭദ്രമാക്കുന്ന എഴുത്തുകാരന്റെ യുക്തിയാണ് പ്രധാനമായും അന്വേഷിക്കുന്നത്. ഇതിനായി ടീച്ചർ മനശ്ശാസ്ത്രവിശകലന പദ്ധതികളെ അവലംബിക്കുന്നുണ്ട്.

ഫ്രോയിഡിയൻ തത്ത്വങ്ങളെ ആധാരമാക്കിയുള്ള മനശ്ശാസ്ത്രവിശകലനങ്ങൾ അത്യന്താധുനികർ വരെ ശീലമാക്കുന്നുണ്ട്. എം.എൻ. വിജയൻ നടത്തുന്ന വൈലോപ്പിള്ളിക്കവിതകളുടെ പാരായണ പാഠങ്ങളിലൂടെ, ഫ്രോയിഡ് മലയാളത്തെ സംബന്ധിച്ചിടത്തോളം മനശ്ശാസ്ത്രപഠനങ്ങളുടെ അനുപേക്ഷണീയതയും ആത്യന്തികതയുമായി. എന്നാൽ 'മാമ്പഴ'ത്തിനും, 'സഹ്യന്റെ മകനും' ഫ്രോയിഡിയൻ പാഠങ്ങളിലൂടെ ലഭിച്ച അധിക തെളിച്ചങ്ങളെ അറിഞ്ഞിട്ടും ടീച്ചർ ഫ്രോയിഡിന്റെ ലിബിഡോ പാഠങ്ങളെ മാറ്റിനിർത്തി യുങ്ങിന്റെ സാമൂഹ്യപാഠങ്ങളെ തന്റെ വായനയിലേക്കും എഴുത്തിലേക്കും സ്വീകരിക്കുകയാണ് ചെയ്തത്. കഥാപാത്രവിശകലനത്തിൽ, സ്വഭാവരൂപീകരണത്തിന് ഫ്രോയിഡിന്റെ ഉപബോധത്തിലെ പ്രാകൃതചോദനകളേക്കാൾ യുങ്ങിന്റെ സമൂഹാന്തശ്ചേതനയുടെ സ്വാധീനത്തെയാണ് ടീച്ചർ അനുകൂലിച്ചത്.

യുങ്ങിന്റെ ആദിപ്രരുപ സങ്കല്പനങ്ങളെ കഥാപാത്ര സന്ദർഭ വിശദീകരണങ്ങളുടെ താത്ത്വികപരിസരമായി ടീച്ചർ രൂപപ്പെടുത്തുന്നുണ്ട്. അപ്പുവിന്റെ അന്വേഷണങ്ങളുടെ ഗതിവിഗതികളിൽ അന്വേഷണരീതികളിൽ ധനാത്മകമായും ഋണാത്മകമായും ഇടപെടലുകൾ നടത്തുന്ന പിതൃസങ്കല്പമാതൃകകളെ മുൻനിർത്തി, വ്യക്തിത്വരൂ

പീകരണത്തിൽ ആദിപ്രരൂപമാതൃകകളുടെ സ്വാധീനത്തെയാണ് വിവരിക്കുന്നത്. അപ്പുവിന്റെ പിതാമഹൻ, ഡയറക്ടർ ഭൃഗു എന്നിവരെയാണ് ഈ പിതൃമാതൃകകളായി പരിഗണിക്കുന്നത്. ഇവരെക്കൂടാതെ കൃത്യമായ ചിന്താപ്രവർത്തനപദ്ധതികളുള്ള 'സ്പന്ദമാപിനി'കളിലെ നാനി, ദേവി, ഗവേഷണകേന്ദ്രം ഡയറക്ടർ എന്നീ സ്ത്രീകൾ, 'മുൻപേ പറക്കുന്ന പക്ഷികളി'ലെ പ്രൊഫസർ, ആദിവാസിമൂപ്പൻ, പത്രാധിപർ എന്നിവരെ മാതൃജ്ഞാനവൃദ്ധ പ്രരൂപങ്ങളായി കല്പിച്ച് കഥാപാത്രവിശകലനം നടത്തുന്നുണ്ട്. പരാജയം, ദുരന്തം, ഭീരുത്വം എന്നീ പദങ്ങളോടു മാത്രം ചേർത്തുവായിക്കുന്ന ആത്മഹത്യയെ ത്യാഗം, യജ്ഞം എന്ന പ്രരൂപത്തോട് മനുഷ്യമനസ്സുകൾക്കുള്ള ആരാധനാബോധത്തോടു സങ്കലനപ്പെടുത്തി ആദർശവത്കരിക്കുകയാണ്. കഥാപാത്രങ്ങളുടെ ജീവിതപരാജയങ്ങളെ, 'അപഥസഞ്ചാര'ങ്ങളെ ആദിപ്രരൂപ ആരോപണങ്ങളിലൂടെ ന്യായീകരിക്കുന്നു. ഇങ്ങനെ ന്യായീകരിക്കുന്നതിന്റെ കാരണങ്ങൾ പാരമ്പര്യം, സാഹചര്യം എന്നീ സ്വാധീനങ്ങളുടെ ഗ്രാഫുകളിലൂടെ വിശദീകരിക്കുമ്പോൾ അതിലെ യുക്തികളെ ആദിപ്രരൂപമാതൃകകൾ ഉപയോഗിച്ച് സുഭദ്രമാക്കുന്ന ശാസ്ത്രീയതയാണ് പ്രധാനം. തന്റെ ശാസ്ത്രാഭിമുഖ്യം എന്നത്, ശാസ്ത്രപരിസരം സൃഷ്ടിക്കുന്ന കൃതികളോടുള്ള കേവലതാത്പര്യത്തിനപ്പുറം സാഹിത്യവും ശാസ്ത്രവും തമ്മിലുള്ള ഇഴചേർക്കലുകളുടെ സാധ്യതാന്വേഷണങ്ങളാണെന്നതാണ് ഇത്തരം വിശകലനങ്ങൾ നൽകുന്ന പ്രയുക്തപാഠം.

ഡോ. എം. ലീലാവതിയുടെ നിരൂപണ/പഠനങ്ങളുടെ അടിസ്ഥാനശിലയായി വർത്തിക്കുന്ന ഘടകങ്ങളിൽ പ്രധാനമാണ് സാമൂഹ്യസമത്വസിദ്ധാന്തങ്ങൾ. ഇതാകട്ടെ കേവലം ഒരു കൊടിയടയാളത്തോടുള്ള അനുഭാവമോ, രാഷ്ട്രീയ നിലപാടുകളോടുള്ള വിധേയത്വമോ അല്ല, മറിച്ച് സാമൂഹ്യസമത്വം എന്ന ആദർശംതന്നെയാണ്. പഠനവിധേയമാക്കുന്ന ഏതു കൃതിയിലും ആസ്വാദനപക്ഷത്തു നിന്നുകൊണ്ട്, അതിലെ നന്മകൾ മാത്രം ചികഞ്ഞെടുക്കുന്ന നിരൂപണപദ്ധതിയാണ് അനുവർത്തിക്കുന്നതെങ്കിലും, എഴുത്തുകാരന്റെ സാമൂഹ്യപ്രതിബദ്ധത, സാഹിത്യത്തിന്റെ ലക്ഷ്യം എന്നിവയുടെ സാന്നിദ്ധ്യം, ആ പദങ്ങളിലുള്ള ക്ലീഷേകൾ ഒഴിവാക്കിക്കൊണ്ടു തന്നെ ഉറപ്പുവരുത്തുന്നുണ്ടെന്നു കാണാം. 'രുദിതാനുസാരിയായ ഏതൊരു എഴുത്തുകാരന്റെ ഉള്ളിലും ഒരമ്മ ജീവിച്ചിരിക്കുന്നു. സഹജാതർക്കു വെയിലുകൊള്ളാതിരിക്കാൻ തന്റെ രചനകളെ കുടയാ





ക്കുന്ന ഒരമ്മ' (2002:432) എന്നാണ് എഴുത്തുകാരൻ എന്നതിനു ടീച്ചർ നൽകുന്ന നിർവ്വചനവും വ്യാഖ്യാനവും.

ശാസ്ത്രവും വിപ്ലവവും ചർച്ചയാകുമ്പോൾ, രക്തദൂഷിതവിപ്ലവം ഒന്നിനും പരിഹാരമല്ലെന്നു വിശ്വസിക്കുമ്പോൾതന്നെ വിപ്ലവകാരികളെ ഈ പഠനത്തിൽ ആദ്യന്തം അനുകൂലിക്കുന്നതു കാണാം. ഈ ആനുകൂല്യത്തിനു കൃത്യമായ വിശദീകരണവുമുണ്ട്. നോവലിസ്റ്റ് വിപ്ലവം ആവിഷ്കരിക്കുകയല്ല, കാതലായ ഒരു സാമൂഹിക പ്രശ്നത്തിനു പരിഹാരമന്വേഷിക്കുന്ന ദൗത്യം ഏറ്റെടുത്തിരിക്കുകയാണ്. ഇത് ആ നോവലിനെ സമാന ഇതിവൃത്തമുള്ള ഇതര നോവലുകളിൽനിന്ന് അധികമാനത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു എന്നു നിരീക്ഷിക്കുന്നുണ്ട്. 'മുൻപേ പറക്കുന്ന പക്ഷി'കളിൽ കാണുന്ന സൈദ്ധാന്തിക ചർച്ചകൾ ഇങ്ങനെയുള്ള സാമൂഹ്യബോധം ആവിഷ്കരിക്കുന്നതുകൊണ്ട് അവയെ തിരസ്കരിക്കാനാകില്ലെന്നും, ആ ചർച്ചകളാണ് നോവലിനു പ്രസക്തി നൽകുന്നതെന്നും പഠനത്തിൽ പറയുന്നു. ഇതിനൊപ്പം 'താഴ്ന്ന പുരികക്കാരുടെ' കൃതികളെ അപലപിക്കുന്ന നിരൂപക നോവൽ സ്വഭാവത്തെക്കുറിച്ചുള്ള തന്റെ നിലപാടുകളാണ് വ്യക്തമാക്കുന്നത്. നീക്കുപോക്കുകളില്ലാത്ത സാമൂഹ്യബോധമാണ് ഈ നിലപാടുകളുടെ കാതൽ.

ശാസ്ത്രം, വിപ്ലവം എന്നിവയല്ലാതെയുള്ള ഇതിവൃത്തങ്ങളിലും സമത്വം, സ്വാതന്ത്ര്യം എന്നീ ആദർശങ്ങളെത്തന്നെയാണ് ടീച്ചർ അന്വേഷിക്കുന്നത്. മരുമക്കത്തായം എങ്ങനെ ഒരു വ്യക്തി-സമൂഹ ദുരന്തമായി മാറുന്നു എന്നാണ് 'എല്ലാം മായ്ക്കുന്ന കടൽ' തുടങ്ങിയ നോവലുകളിൽ സി. രാധാകൃഷ്ണൻ വിശദീകരിക്കുന്നത്. ഇവയെ മരുമക്കത്തായത്തെ ചരിത്രഗൗരവത്തോടെ ചിത്രീകരിക്കുന്ന നോവലുകളായി പരിചയപ്പെടുത്തുന്ന ടീച്ചർ എല്ലാ ദുരിതങ്ങളുടെയും ദുരന്തങ്ങളുടെയും കാരണമായി ഹൃദയബന്ധങ്ങളിൽ വന്ന വിള്ളലുകളാണ് കാണുന്നത്. സ്നേഹബന്ധങ്ങളുടെ കറുപ്പും വെളുപ്പും നോവലിലുണ്ട്. മാനവികതയുടെ നഷ്ടമാണ് കറുപ്പിന്റെ കാരണം എന്നു ബോധ്യപ്പെടുത്താൻ ടീച്ചർ കഥാസന്ദർഭങ്ങളെ ദീർഘമായിത്തന്നെ വിശദീകരിക്കുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ തന്റെ പഠനങ്ങളിൽ വിശകലനത്തിനായി ഏതു തത്ത്വശാസ്ത്രത്തെ അവലംബിക്കുമ്പോഴും, ആത്യന്തികമായി മാനവികതയെ മുൻനിർത്തിക്കൊണ്ടാണ് തീർപ്പുകളിലെത്തുന്നത്.

ഈ നോവലുകളിലെ സ്ത്രീകഥാപാത്രങ്ങളുടെ വിശകലനവും ഈ തലത്തിൽ നിർത്തിയാണ് പരിശോധിക്കേണ്ടത്. അപ്പുവിന്റെ

അന്വേഷണങ്ങളിൽ സ്ത്രീക്കു വിദ്യാഭ്യാസം നൽകിയാൽ പുരുഷനൊപ്പമാകുമോ എന്ന ഒന്നുകൂടിയുണ്ടെന്നാണ് ടീച്ചറുടെ നിരീക്ഷണം. സ്ത്രീവാദത്തിന്റെ വേരും പടർപ്പും കൃത്യമായി പഠിച്ചറിഞ്ഞ് അന്വേഷണവിഷയമാക്കിയ നിരൂപകയാണ് എം. ലീലാവതി. സ്ത്രീകൾ അധികം പ്രവേശിക്കാതിരുന്ന നിരൂപണരംഗത്തേക്കുള്ള പ്രവേശനത്തിലൂടെ പരിധികളുടെയും പരിമിതികളുടെയും ഉല്ലംഘനങ്ങൾക്കു ബൗദ്ധികതയുടെ പ്രസക്തി തന്നിലൂടെത്തന്നെ ടീച്ചർ ബോധ്യപ്പെടുത്തിയിട്ടുമുണ്ട്. ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങൾ, ആഗ്നേയത്തിലെ നങ്ങേമ, അഗ്നിസാക്ഷിയിലെ തേതി എന്നിങ്ങനെ ഒട്ടേറെ സ്ത്രീകഥാപാത്രങ്ങളെ തന്റെ പഠനങ്ങളിലൂടെ ടീച്ചർ തേജോമയികളാക്കി. പക്ഷേ, ഈ വിശകലനങ്ങളിലൊന്നും സ്ത്രീവാദത്തിന്റെ താത്ത്വികപരിസരങ്ങൾ സൃഷ്ടിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ തളരാതെ ഇവർ എങ്ങനെ ധീരതയുടെ, ആർജ്ജവത്തിന്റെ, പ്രതീകങ്ങളാകുന്നു എന്നാണ് ചർച്ചചെയ്തത്. ഈ നോവലുകളിലെ സ്ത്രീപഠനങ്ങളും വ്യത്യസ്തമല്ല. തീയിൽ കുരുത്തവരെന്ന രീതിയിൽ പരിചയപ്പെടുത്തുന്ന ഈ സ്ത്രീകൾ പലപ്പോഴും സഹനത്തിന്റെ, വിധേയത്വത്തിന്റെ കനൽവഴികളാണ് നടന്നുതീർക്കുന്നത് എന്നതാണ് വൈരുദ്ധ്യം. അപ്പുവിന്റെ അമ്മതന്നെ ഉദാഹരണം.

ഈ സ്ത്രീകളെല്ലാം എന്തിനുവേണ്ടി വിധേയരാകുന്നു, ത്യാഗിനികളാകുന്നു എന്നതാണ് ശ്രദ്ധിക്കേണ്ടത്. വിജയപരാജയങ്ങളുടെ പൊതുധാരണയിൽ നിർത്തി പരിശോധിക്കുമ്പോൾ ഒന്നും നേടാനാകാത്തവരാണ് ഈ സ്ത്രീകൾ എന്നു പറയേണ്ടിവരും. പക്ഷേ ഇവരിലെല്ലാം സ്ത്രൈണതയുടെ ആർജ്ജവം ടീച്ചർ നിരീക്ഷിക്കുന്നുണ്ട്. "മാർത്താണ്ഡവർമ്മയിലെ സുഭദ്ര മുതൽ അഗ്നിസാക്ഷിയിലെ തേതി വരെയുള്ള എല്ലാ ത്യാഗിനികളും അനുഷ്ഠിക്കുന്ന കലാകൃത്യമാണത്. വ്യക്തിതലത്തിൽനിന്നു വളർന്ന് സമൂഹതലംകൂടി ഇവരുടെ ത്യാഗത്തിനുള്ളതുകൊണ്ട് അതിനു ഗുരുതയേറും'' എന്നാണ് സ്ത്രീകളുടെ ത്യാഗങ്ങളോടുള്ള എം. ലീലാവതിയുടെ നിലപാട്. ഇതരർക്കു വേണ്ടി അനുഷ്ഠിക്കുന്ന ത്യാഗങ്ങളിലൂടെ കഥാപാത്രങ്ങൾ ആർജ്ജവം കൈവരിക്കുന്നു എന്ന ഹ്യൂമനിസ്റ്റ് വീക്ഷണമാണ് എം. ലീലാവതിയുടെ ഫെമിനിസം. "കുടക്കീഴിൽ പിടിച്ചുനിർത്തി പേടിപ്പിക്കാനല്ല ആരേയും പേടിക്കാതെ, പേടിപ്പിക്കാതെ അടിമയാകാതെ, അടിമയാക്കാതെ സംരക്ഷിക്കാനിച്ഛിക്കുന്ന അമ്മ''-(2002:432) എന്നതാണ് ആത്യന്തികമായ സ്ത്രീസങ്കല്പവും. ഇതിലൂടെ ഫെമി





നിസത്തിനു ടീച്ചർ നൽകുന്ന അർത്ഥം ഹ്യൂമനിസം എന്നു മാത്രമാണെന്നു കാണാം. ഈ നോവലുകളിൽ പല തലങ്ങളിലുള്ള സ്ത്രീകഥാപാത്രങ്ങളുണ്ട്. വിദ്യാഭ്യാസമില്ലാത്ത ഗ്രാമീണസ്ത്രീകൾ മുതൽ ധൈഷണികതകൊണ്ട് ഉയരങ്ങൾ കീഴടക്കിയവർവരെ. സാവിത്രി, മായ, സിസിൽ തുടങ്ങിയവരെല്ലാം രണ്ടാമത്തെ വിഭാഗത്തിലുൾപ്പെടുന്നു. എന്നിട്ടും അവരും ജീവിതത്തിൽ ദുരന്തങ്ങൾ ഏറ്റുവാങ്ങുന്നവരാണ്. മരുമക്കത്തായപാരമ്പര്യത്തിൽ സ്വന്തം കുടുംബത്തിനുവേണ്ടിയുള്ള ത്യാഗങ്ങളിൽ സ്വയം ജീവിക്കാൻ മറന്നുപോകുന്ന സീതയും, പാപിനികളെ സൃഷ്ടിക്കുന്ന സമൂഹത്തിന് ഒരു താക്കീതായി, മകൾക്കായി, ആത്മഹത്യയുടെ വഴി സ്വീകരിക്കുന്ന സിസിലും വിപ്ലവത്തിലൂടെ സാമൂഹ്യനീതിക്കു സ്വയം ഹോമിക്കുന്ന പ്രേമയും ദേവിയും നാനിയും അനുവുമെല്ലാം മൂല്യനിർണ്ണയത്തിൽ സമസ്ഥാനീയരാകുന്നു. ഇങ്ങനെ സംഭവിക്കുന്നത് മാനവികത എന്ന ഒരൊറ്റ മാനകത്തെ ഉപയോഗിച്ചതുകൊണ്ടാണ്. ഫെമിനിസം നിരസിക്കുന്ന വിധേയത്വത്തെ മാനവികതയുമായി തുലനപ്പെടുത്തി ഉദാത്തവൽക്കരിക്കുന്ന രീതിയാണ് ഇവിടെയെല്ലാം അനുവർത്തിക്കുന്നത്.

ഫെമിനിസത്തിലെന്നല്ല, ഏതു സാമൂഹ്യക്രമത്തിലും പ്രസ്ഥാനത്തിലും നിശിതമായി അനുസരിക്കേണ്ടതാണ് ഈ മാനവികത എന്നാണ് എം. ലീലാവതിയുടെ ദർശനം. "ഒരു മരുമക്കത്തായിക്ക് അന്ത്യോദകക്രിയ ചെയ്യുന്നതോടെ ഭൂമികുലുക്കങ്ങൾ അവസാനിക്കുമോ? ഉവ്വെന്നു കരുതുന്നതു വ്യാമോഹമാണ്. വർഗ്ഗവൈരുദ്ധ്യപ്രശ്നങ്ങൾ മാനവഹൃദയത്തിലേൽപ്പിക്കുന്ന തകർച്ചകൾക്കുള്ളതുപോലെ തീവ്രത ഹൃദയബന്ധം തകരുമ്പോഴുമുണ്ടെന്ന്.'' (2002:109), മനുഷ്യത്വരാഹിത്യത്തെ ടീച്ചർ ഒരു സാമൂഹ്യവിപത്തിനു തുല്യമായി നിരീക്ഷിക്കുന്നു.

'പുള്ളിപ്പുലി'കളിലാണ് സി. രാധാകൃഷ്ണൻ തന്റെ മാർക്സിസ്റ്റ് വിപ്ലവസങ്കല്പങ്ങൾ ആവിഷ്കരിക്കുന്നത്. നോവലിസ്റ്റിന്റെ സങ്കല്പങ്ങളെ അപ്പുവാണ് സംവദിക്കുന്നത്. സംഘടനാപ്രവർത്തനങ്ങളെക്കുറിച്ചുള്ള അപ്പുവിന്റെ നീണ്ട തർക്കങ്ങൾ നോവലിലുണ്ട്. വ്യക്തിയെ അവഗണിച്ചുകൊണ്ടുള്ള സാമൂഹ്യപ്രവർത്തനത്തിന്റെ പ്രസക്തിയാണ് അപ്പു ചോദ്യം ചെയ്യുന്നത്. സാമൂഹ്യ സാമ്പത്തിക പരിവർത്തനം സംഭവിച്ചുകഴിഞ്ഞാൽ വ്യക്തി സ്വയം പരിവർത്തനത്തിനു വിധേയമാകും എന്ന വിശ്വാസം അപ്പു അംഗീകരിക്കുന്നില്ല. ഒരു വ്യക്തി ഇതരവ്യക്തിയോട് പുലർത്തേണ്ട സഹഭാവമാണ് പൗര

ധർമ്മം എന്നു വിശ്വസിക്കുന്ന ലീലാവതി ടീച്ചർ, അതുകൊണ്ടു തന്നെ നോവലിസ്റ്റിന്റെ ഈ നിലപാടുകളെ ശരിവയ്ക്കുന്നു.

'സത്യം ശിവം സുന്ദരം' എന്ന ഗ്രന്ഥത്തിൽ ടീച്ചർ, യുങ്, മാർക്സ്, അഭിനവഗുപ്തൻ എന്നീ മൂന്നുപേരെ ഒരു ത്രികോണത്തിന്റെ മൂന്നു മൂലകളായി കല്പിച്ച് ഇവരുടെ കലാതത്ത്വവിചാരങ്ങളെ സമന്വയിപ്പിക്കുന്ന ഗണിതശാസ്ത്രത്തിലെ മന്ത്രവൃത്ത (മാജിക് സർക്കിൾ) നിർമ്മിതി സാധ്യമാണോ എന്നന്വേഷിക്കുന്ന ഒരു ലേഖനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ടീച്ചറുടെ നിരൂപണപദ്ധതിയുടെ മറ്റൊരു സവിശേഷതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. പാഠങ്ങളുടെ വിശകലനത്തിൽ തത്ത്വശാസ്ത്രനിരൂപണ മേഖലകളിലെ പുതിയ പ്രവണതകളെ അന്വേഷിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നതിനോടൊപ്പം, പൗരസ്ത്യമീമാംസാദർശനങ്ങളിലൂടെ അവ വിശദീകരിക്കുകയും ചെയ്യുന്നു.

ഈ നോവൽ പഠനങ്ങളിൽ യുങ്ങിന്റെ ആദിപ്രരൂപ പാരായണങ്ങൾ ഉപയോഗിക്കുമ്പോൾത്തന്നെ, ജ്ഞാനവൃദ്ധപ്രരൂപമാതൃക അനുവർത്തിക്കുന്ന പ്രൊഫസറുടെ ചിന്തകളെ ഉപനിഷദ്ദർശനങ്ങളിലൂടെയാണ് വിശദീകരിക്കുന്നത്. മറ്റൊരു സന്ദർഭത്തിൽ, വരദായിനിയാകേണ്ട ശാസ്ത്രം എങ്ങനെയാണ് ശാപമാകുന്നതെന്ന് പ്രൊഫസർ നോവലിൽ വിശദീകരിക്കുന്നതിനെ, സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലും തുല്യമായതോതിൽ താളം കാക്കലാണ് നിയതിയുടെ ധർമ്മമെന്നു 'യഥാ പിണ്ഡേ തഥാ ബ്രഹ്മാ' എന്നു ഭാരതീയർ പണ്ടേ നിർവ്വചിച്ചിരുന്നു എന്ന ആർഷപാരമ്പര്യത്തോട് (1993:202) കൂട്ടിക്കെട്ടുന്ന തുലനാത്മക നിരൂപണപദ്ധതി ഉപയോഗിക്കുന്നു. അതിഭൗതികതയ്ക്കെതിരായുള്ള ഇതേ പ്രൊഫസറുടെ ഭാഷണങ്ങളെ ടീച്ചർ അദ്വൈതസിദ്ധാന്തത്തിലേക്കാണ് വിവർത്തനം ചെയ്യുന്നത്.

വിപ്ലവനോവലുകളെ കുരുക്ഷേത്രമായും കഥാപാത്രങ്ങളെ ഭാരതകഥാപാത്രങ്ങളായും തുലനപ്പെടുത്തുന്നതുകാണാം. സ്പന്ദമാപിനികളിലാണ് മഹാഭാരത ഉപമാ പരികല്പനകൾ വരുന്നത്. നാനിയെ കുന്തിയായി കല്പിക്കുമ്പോൾ ദേവിയെ, ഹിംസ മാനവപ്രശ്നങ്ങൾക്കു പരിഹാരമല്ലെന്നു വിശ്വസിക്കുന്ന ഉപനിഷദ്കാലത്തിന്റെ നവയുഗാവകാശിയായി പ്രഖ്യാപിക്കുന്നു. റോസയുടെ സ്വാതന്ത്ര്യ സങ്കല്പം സ്ത്രീവാദതത്ത്വങ്ങളോട് ആധർമണ്യം പുലർത്തുമ്പോൾ ത്തന്നെ ടീച്ചർ അവയെ ദേവദാസിസമ്പ്രദായത്തോടാണ് തുലനപ്പെടുത്തുന്നത്. ബലവാനായതുകൊണ്ട് അധർമ്മം ചെയ്യാനധികാ





ആധുനിക ശാസ്ത്രത്തിലും
രമില്ല എന്ന ഭാരതതത്ത്വനീതിക്ക് നോവലിസ്റ്റ് രേഖപ്പെടു
പ്രസക്തിയുണ്ടെന്നത് നോവലിൽത്തന്നെ പ്രാധാന്യത്തോടെ, വിശേഷ
ത്തുന്ന വസ്തുതയാണ്. ഇത് ഏറെ ചർച്ചചെയ്യുന്നു.
ശ്രദ്ധയോടെ, വിശദമായിത്തന്നെ പഠനത്തിൽ നോവലിസ്റ്റിന്റെ

പൗരാണികതയോടും പാരമ്പര്യത്തോടുമുള്ള തിരുമധുരം'
ആദരവിന്റെ പ്രതിഫലനമാണ് 'തീക്കടൽ കടഞ്ഞ് സമീപിക്കു
എന്ന കൃതി എന്ന രീതിയിലാണ് ആ നോവലിനെ വാങ്മയ
ന്നത്. ഒരു മഹാപുരുഷന്റെ വ്യക്തിസ്വത്വവികാസത്തിന്റെ മഹാപുരു
രൂപമെന്നു പരിചയപ്പെടുത്തുന്ന ഈ കൃതിയെ, ഒരു ക്കെതിരാ
ഷന്റെ കഥയായല്ല, അധികാരത്തിന്റെ ദുഷ്പ്രവണതകൾ ന്റെയും
യുള്ള അല്പജ്ഞരുടെ പീഡനത്തിന്റെയും ധിക്കാരത്തി ഇതിഹാസ
കഥയായാണ് വായിക്കുന്നത്. ഇവിടെയും ഒരു വ്യക്തി ചികഞ്ഞെടു
കഥയായ ഈ നോവലിലെ സാമൂഹികഘടകത്തെ
ണ
ാ
ത്ത
ലൗകിക പരമജ്ഞാന
പഠനം നടത്തുന്നത്. യുക്തിഭക്തികളെ, ഈ നോവ
ങ്ങളെ, സമന്വയിപ്പിച്ച മലയാള എഴുത്തുകാരനെയാണ്
ലിൽ ടീച്ചർ കണ്ടെത്തുന്നത്.

'സത്യം ശിവം സുന്ദരം' എന്നതു ഡോ. എം. ലീലാവതിയുടെ
ഒരു കൃതിയുടെ പേര് മാത്രമല്ല, തന്റെ എഴുത്തിന്റെ, നിരൂപണ
പദ്ധതിയുടെ, മൗലികതകൂടിയാണ്. പാഠങ്ങളിലെ സത്യത്തെ, എഴു
ത്തുകാരന്റെ നേരുകളെ ആണ് ടീച്ചർ പഠനങ്ങളിലൂടെ അന്വേഷി
ക്കുന്നത്. അതിൽ 'ശിവ'ത്തിന്റെ സാന്നിധ്യത്തിനു നിർബന്ധ
വുമുണ്ട്. ഇത് എഴുത്തിന്റെ ലക്ഷ്യമാകണം. ആ ലക്ഷ്യത്തെ എഴു
ത്തുകാരൻ എത്രമാത്രം സാധൂകരിക്കാൻ ശ്രമിക്കുന്നു എന്നതാണ്
കൃതിയുടെ മികവിന്റെ അടിസ്ഥാനമായി ടീച്ചർ കാണുന്നത്. സത്യ
ശിവങ്ങളുടെ സമന്വയം സുന്ദരമാണെന്നതുകൊണ്ടുതന്നെ പാഠ
ങ്ങളുടെ സൗന്ദര്യാന്വേഷണം പഠനങ്ങളിൽ പൂർത്തിയാകുന്നു.

മലയാളത്തിലെ സർഗ്ഗാത്മകകൃതികളുടെ വായനയിൽ സൗന്ദ
ര്യാന്വേഷണത്തിന്റെ, ആസ്വാദനത്തിന്റെ, നിരൂപണപക്ഷമാണ്
ഡോ. എം. ലീലാവതി അവതരിപ്പിക്കുന്നത്. അപ്പുവിന്റെ അമ്മ
നൽകുന്ന കുടപോലെ ഈ പഠനങ്ങൾ, നിരൂപണങ്ങൾ നല്ല കൃതി
കൾക്ക്, സർഗ്ഗാത്മകതയ്ക്ക്, ഛത്രവും ചാമരവുമാകുന്നു.

ലീലാവതിടീച്ചറുടെ വിമർശക-നിരൂപക വ്യക്തിത്വം രൂപപ്പെടു
ന്നതിന്റെ നൈതികദർശനത്തെക്കുറിച്ച് പ്രത്യേകം പരിഗണിക്കേ
ണ്ടതുണ്ട്. യുങ്ങിന്റെ സമൂഹമനശ്ശാസ്ത്രവിശകലനപദ്ധതികൾ,

# കൂർത്തുനില്ക്കുന്ന ശക്തിയുടെ കൊമ്പുകൾ

ഷീബ എം. കുര്യൻ

മലയാളത്തിലെ സാഹിത്യവിമർശനചരിത്രത്തിൽ അവഗണിക്കാനാവാത്ത സ്ത്രീസാന്നിധ്യമാണ് ഡോ. എം. ലീലാവതി. സ്വതന്ത്രമായ നിലപാടുകളും വിമർശനരീതിയും ഭാഷയും രൂപപ്പെടുത്തിയ സ്ത്രീഎഴുത്താണ് എം. ലീലാവതിയുടേത്. മലയാളത്തിലെ സ്ത്രീരചന(women writing-)യുടെ ചരിത്രത്തിൽ എം. ലീലാവതി നേടിയെടുത്ത ഇട(space-)ത്തിന്റെ സവിശേഷത സൈദ്ധാന്തികമായി അന്വേഷിക്കുമ്പോഴേ, എഴുത്തിലും വായനയിലും അവർ പുലർത്തിയ സർഗ്ഗാത്മകസ്വാതന്ത്ര്യത്തിന്റെയും നിലപാടുകളുടെയും പ്രാധാന്യം തിരിച്ചറിയാൻ കഴിയൂ. സ്ത്രീയുടെ എഴുത്തിന് സ്വതന്ത്രവും എല്ലാതരം ബാഹ്യഇടപെടലുകളിൽനിന്ന് വിമുക്തവുമായ സാമൂഹികഇടം നേടിയെടുക്കാനുള്ള എം. ലീലാവതിയുടെ ശ്രമവും അത് മലയാളത്തിലെ സ്ത്രീരചനാചരിത്രത്തിൽ വരുത്തുന്ന സ്വാധീനവും സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. മരുഭൂമികൾ ഉണ്ടാകുന്നത് (കാവ്യാരതി, 1993, പു. 166-179), പ്രകൃതിനിയമം(കാവ്യാരതി, 1993, പു. 229-238), ദ ഗോഡ് ഓഫ് സ്മോൾ തിങ്സ് പഠനം(മുദ്ര ബുക്സ്, കണ്ണൂർ, 1999), അവസ്ഥകളുടെ ആഴങ്ങൾ (മാധ്യമം ആഴ്ചപ്പതിപ്പ്, ഫെബ്രുവരി 24, 2014, പു. 34-36) എന്നീ നോവൽപഠനങ്ങൾ മുൻനിർത്തി എം. ലീലാവതിയുടെ വിമർശനരീതിശാസ്ത്രവും നിലപാടുകളും അന്വേഷിക്കാനും സ്ത്രീയും സാഹിത്യമെഴുത്തും തമ്മിലുള്ള ബന്ധത്തെ സൈദ്ധാന്തികമായി വിലയിരുത്താനുമാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

## വായനയും എഴുത്തും- തിരഞ്ഞെടുപ്പിലെ സ്വാതന്ത്ര്യം

സർഗ്ഗാത്മകരചന എന്നത് സമൂഹജീവിയായ വ്യക്തിയുടെ സാംസ്കാരികമായ ഒരവകാശമാണ്. വിമർശനമെന്ന സർഗ്ഗാത്മകരചനയിൽ പ്രത്യേകിച്ചും, പലതരം സാംസ്കാരികതിരഞ്ഞെടുപ്പുകൾ നടക്കുന്നുണ്ട്. വായനയ്ക്കു വേണ്ടി തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളുടേതും വിമർശനാത്മകമായി വ്യാഖ്യാനിക്കേണ്ട പുസ്തകങ്ങളുടേ